കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കൊടുങ്ങല്ലൂർ നഗരസഭ
**2018-19**
# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ (എം)326/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശൂർ-680 020

ഫോൺ നമ്പർ-0487 2331249

e-mail: dotsr.ksad@kerala.gov.in

തിയതി:19/06/20

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന),
കൊടുങ്ങല്ലൂർ നഗരസഭ.

സർ,

വിഷയം :- കൊടുങ്ങല്ലൂർ നഗരസഭ- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(1), (2). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1 )ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)റീജ്യണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
3)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (എം)326/2020    തിയതി:19/06/2020

# തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം – വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.18 തിയ്യതി മുതൽ 31.3.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധിച്ചു. 2018-19 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ സി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.01.20.മുതൽ 30.01.20 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ,ശിവൻ പി എ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.ബിത ടി എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ എം ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുമിത ടി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ചൈതന്യ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| പുരുഷോത്തമൻ | |
| ശ്രീമതി. നിജു സി എസ് | ഓഡിറ്റർ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ചെയർമാൻ | ശ്രീ.കെ.ആർ.ജൈത്രൻ | 01.04.2018 -31.03.19 |
| സെക്രട്ടറി | ശ്രീ.എൻ.സി. വിജയൻ | 01.4.2018 – 19.6.2018 |
| | ശ്രീ.സുജിത്ത് | 20.6.18 – 31.3.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പ്രകാശൻ സി.എസ് | 1.4.2018 – 31.3.2019 |
| പ്രൊജക്ട് ഓഫീസർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | ശ്രീമതി.കെ.ടി.എൻ ഷീലാബായ് | 01.4.2018-30.7.2018 |
| | ശ്രീ ഗോപാലകൃഷ്ണൻ കെ വി | 01.8.2018-31.3.2019 |
| മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി, പുല്ലൂറ്റ് | ഡോ.അബ്ദുൾ ഖാദർ | 1.4.2018-30.6.2018 |
| | ഡോ.സുധീർകുമാർ | 1.7.2018-31.3.2019 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മേത്തല | ഡോ. വിധു വർമ്മ | 01.04.2018–31.3.2019 |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ | ഡോ.റോഷ് | 1.4.2018-31.3.2019 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.ഗായത്രി വിജയരാഘവൻ | 01.04.2018-31.3.2019 |
| മെഡിക്കൽ ഓഫീസർ, ഗവ: ഹോമിയോ ഡിസ്പൻസറി, മേത്തല | ഡോ.മനീഷ | 01.4.2018 - 31.3.2019 |
| വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി നാരായണമംഗലം | ഡോ.ബീന | 01.4.2018 - 31.3.2019 |
| കൃഷി ഓഫീസർ, കൃഷിഭവൻ ,മേത്തല | ശ്രീമതി.സൈറാബാനു | 01.4.2018–31.3.2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അരുൺകുമാർ. | 01.4.2018 - 31.3.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ എറിയാട് | ശ്രീമതി.മേരി എൻ. ജി. | 01.4.18–31.3.2019 |
| പ്രിൻസിപ്പാൾ, ഗവ:ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ, കൊടുങ്ങല്ലൂർ | ശ്രീമതി.ആശ ആനന്ദ് സി | 01.4.2018 - 31.3.2019 |
| പ്രിൻസിപ്പാൾ, ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ശൃംഗപുരം | ശ്രീമതി.മോഹിനി പി.കെ | 01.4.2018 – 31.3.2019 |
| എച്ച്.എം., ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂൾ, കൊടുങ്ങല്ലൂർ | ശ്രീമതി.സീനത്ത് ടി.എ | 01.4.2018 - 31.3.2019 |
| ഹെഡ് മാസ്റ്റർ,ഗവ:എച്ച്.എസ്, പുല്ലൂറ്റ് | ശ്രീമതി.റുക്കിയ | 01.4.2018-31.3.2019 |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.ജിനി പി ജി | 01.04.18-31.03.19 |

**ഉള്ളടക്കം**

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | സാമ്പത്തിക വിശകലനം | 1.3 |
| 4 | ഫണ്ട് വിനിയോഗം | 1.4 |
| 5 | പദ്ധതി അവലോകനം. | 1.5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1.6 |
| 7 | ക്ഷേമ പദ്ധതികൾ | 1.7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1.8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| 11 | വാർഷികകണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1.11 |
| 12 | ട്രേഡേഴ്സ് /സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് -കളക്ഷനിൽ കൃത്യതയില്ല,പിരിച്ചെടുക്കുന്നതിൽ വീഴ്ച | 1.12 |
| 13 | പടാകുളം ലേലം, കോട്ടപ്പുറം മാർക്കറ്റ് ലേലം -നഗരസഭയുടെ നഷ്ടം നികത്താൻ- നടപടി സ്വീകരിക്കുന്നില്ല | 1-13 |
| 14 | കോട്ടപ്പുറം മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ 2013 മുതൽ കേസിലുള്ള കടമുറികളുടെ വാടക ഡിമാന്റില്ലാതെ കളക്ഷൻ അടവാക്കി | 1-14 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 16 | ന്യൂനതകൾ ഉള്ളതിനാൽ ഉപയോഗ ക്രമം മാറ്റി നൽകിയില്ല. സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നു | 1-16 |
| 17 | കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറ്റൽ -കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഒക്യുപൻസി നൽകി. | 1-17 |
| 18 | നിലവിലുള്ള കെട്ടിടവുമായുള്ള അകലം പ്ളാനിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-18 |
| 19 | മാസ്റ്റർ പ്ളാൻ പ്രകാരമുള്ള ദൂര പരിധി പാലിക്കാത്ത കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചു. | 1-19 |
| 20 | വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല. | 1-20 |
| 21 | സൂപ്പർ മാർക്കറ്റ് ആയി ഉപയോഗിക്കുന്ന കെട്ടിടത്തിന് നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. | 1-21 |
| 22 | നിലവിലുള്ള കെട്ടിടത്തിന് മുകളിൽ അനധികൃത കെട്ടിട നിർമ്മാണം | 1-22 |
| 23 | തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. | 1-23 |
| 24 | മൊബൈൽ ടവർ -വസ്തുനികുതി കുടിശ്ശിക അപാകങ്ങൾ | 1-24 |
| 25 | അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക തുകകൾ കാലാഹരണപ്പെടുന്നു. നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല | 1-25 |
| 26 | സെൻട്രോ മാൾ വസ്തു നികുതി കുടിശ്ശിക-44,33,438/-രൂ | 1-26 |
| 27 | കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-27 |

| | | |
|---|---|---|
| 28 | മുൻകൂറുകൾ സമയപരിധിക്കകം അഡ്ജസ്റ്റ് ചെയ്യുന്നില്ല. | 1-28 |
| 29 | ലോഗ് ബുക്ക് മാസാന്ത്യസംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല | 1-29 |
| 30 | തനതു ഫണ്ട് വൗച്ചർ പരിശോധന- രേഖകൾ ഹാജരാക്കിയിട്ടില്ല- 227605 രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | നഗരസഭാ ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് താരിഫ് 7A – കമ്മേഴ്സ്യൽ പ്രകാരം അടവാക്കുന്നതു മൂലം നഗരസഭയ്ക്ക് നഷ്ടം | 1-31 |
| 32 | സുശാന്തം വയോജനക്ഷേമ കേന്ദ്ര പ്രവർത്തനം - തുക നൽകിയത് -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-32 |
| 33 | സർക്കാരിൽ നിന്നും ലോൺ ഇനത്തിൽ ലഭിച്ച തുക തിരിച്ചടവാക്കാത്തത്- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33 |
| 34 | ലൈബ്രറി സെസ്സ് കുടിശ്ശിക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34 |
| 35 | സ്റ്റേറ്റ് ഫണ്ടിലേക്ക് തിരിച്ചടവാക്കാനുള്ള നഗരസഭാ സെക്രട്ടറിയുടെ ശമ്പളം അലവൻസുകൾ എന്നിവയിൽ കുടിശ്ശിക – നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-35 |
| 36 | പി.എം.എ.വൈ. ഭവന നിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-36 |
| 37 | നാപ്കിൻ നിർമ്മാണം (വനിത) പദ്ധതി സ്തംഭനാവസ്ഥയിൽ - സർക്കാർ സബ്സിഡി 6,00,000 രൂപസർക്കാർ സബ്സിഡി നിഷ്ഫലമായി. | 1-37 |
| 38 | സബ്സിഡി മാനദണ്ഡപ്രകാരമുള്ള രജിസ്ട്രേഷൻ ഉറപ്പുവരുത്താതെ ആനുകൂല്യം നൽകി. | 1-38 |
| 39 | നഗരസഭാ ക്രിമിറ്റോറിയത്തിൽ പുതിയ ജനറേറർ സ്ഥാപിച്ചതിലെ അപാകതകൾ | 1-39 |
| 40 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | 1-40 |
| 41 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -അർഹത തെളിയിക്കുന്ന രേഖകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. | 1-41 |
| 42 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം - രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-42 |
| 43 | കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം-മോണിറ്ററിംഗ് കാര്യക്ഷമമല്ല. | 1-43 |
| 44 | കാർഷിക യന്ത്രവൽക്കരണം-ഉപയോഗം സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല | 1-44 |
| 45 | നിർവഹണ ഉദ്യോഗസ്ഥർ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-4356893രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . | 1-45 |
| 46 | ഹെഡ്മാസ്റ്റർഗവ.ഹൈസ്കൂൾ ഗേൾസ് നടപ്പാക്കിയ പദ്ധതികളിലെ | 1-46 |

| | | |
|---|---|---|
| | അപാകതകൾ-179405 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 47 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് -35640രൂപ തടസ്സപ്പെടുത്തുന്നു | 1-47 |
| 48 | പ്രിൻസിപ്പൽ ഗവ.ഹയർസെക്കന്ററിസ്കൂൾ ബോയ്സ് .ശൃംഗപുരം നടപ്പാക്കിയ പദ്ധതികൾ-രേഖകൾ ഹാജരാക്കുന്നതു വരെ 11,45,017രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . | 1-48 |
| 49 | താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങളും മരുന്നുകളും വാങ്ങൽ-മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കണം. | 1-49 |
| 50 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് | 1-50 |
| 51 | മരാമത്ത് പണികളുടെ നിർവഹണം-പൊതു അപാകതകൾ | 1-51 |
| 52 | കരാർ ചമക്കും മുമ്പേ പ്രവൃത്തിചെയ്ത് പാർട്ട് ബിൽ നൽകി | 1-52 |
| 53 | പൊതുജനങ്ങൾക്കുള്ള ഇ-ടോയ്ലെറ്റ് ബ്യൂട്ടിഫിക്കേഷൻ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-53 |
| 54 | ജീർണാവസ്ഥയിലുള്ള പൊളിച്ചുമാറ്റാൻ ഉദ്ദേശിച്ചിട്ടുള്ള കെട്ടിടത്തിൽ ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ | 1-54 |
| 55 | ടെൻഡർ അംഗീകരിച്ച് നാളുകളായിട്ടും സെലക്ഷൻ മെമ്മോ കൈപ്പറ്റിയിട്ടില്ല,കരാർ ചമച്ചിട്ടില്ല | 1-55 |
| 56 | നഗരസഭയില വിവിധ കുളങ്ങളം തോടുകളും വൃത്തിയാക്കൽ-അപാകതകൾ | 1-56 |
| 57 | കോട്ടപ്പുറം ലൈബ്രറികെട്ടിടനിർമാണം-ഐ.എസ്.സ്പെസിഫിക്കേഷൻ പ്രകാരമുള്ള ടൈലുകൾ ഉപയോഗിച്ചിട്ടില്ല,അന്തിമബിൽ അനുവദിക്കുമ്പോൾ ആവശ്യമായകുറവുകൾ വരുത്തേണ്ടതും വിശദീകരണം നൽകേണ്ടതുമാണ് | 1-57 |
| 58 | നിരസിക്കേണ്ട ടെൻഡർ അംഗീകരിച്ചതുമൂലം അധികച്ചെലവ് | 1-58 |
| 59 | വാർഡുകളിൽ പൈപ്പ് ലൈൻ വിപുലീകരണം-കരാർ,വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 1-59 |
| 60 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ സമയബന്ധിതമായി ചെയ്തിരുന്നുവെങ്കിൽ ഉയർന്ന താരിഫ് ഒഴിവാക്കാമായിരുന്നു | 1-60 |
| 61 | കിണർ റീചാർജിംഗ്- സ്പിൽ ഓവർ പദ്ധതി ലക്ഷ്യം നേടിയില്ല. | 1-61 |
| 62 | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി-കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. | 1-62 |
| 63 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ -പൊതു അപാകതകൾ | 1-63 |
| 64 | പ്രൊജക്ട് ഫയലുകൾ ലഭ്യമാക്കിയില്ല. | 1-64 |
| | ഭാഗം 2 | |

| | | |
|---|---|---|
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| 65 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4.1 |
| 66 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 67 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 68 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 69 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 70 | ഓഡിറ്റ് റിക്കവറി | 4.6 |
| 71 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 72 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 73 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 74 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| | |
|---|---|
| പാസ്സാക്കിയ തീയതി | 26.02.2019 (റിവൈസ്ഡ്) |
| കമ്മിറ്റി തീരുമാനം | 12.02.2019 ലെ കൗൺസിൽ തീരുമാനം നം. 12 |
| പ്രതീക്ഷിത വരവ് | 49,07,71,158/- |
| പ്രതീക്ഷിത ചെലവ് | 44,83,90,159/- |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 14.10.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,33,46,440.98 |
| വരവ് | 43,58,86,265 |
| ആകെ | 48,92,32,705.98 |
| ചെലവ് | 42,34,82,901 |
| നീക്കിയിരിപ്പ് | 6,57,49,804.98 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 72425922 | 72425922 | 63918702 | 8507220 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 22981000 | 22981000 | 14850404 | 8130596 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 25658000 | 25658000 | 9879043 | 15778957 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 14864000 | 14864000 | 8235688 | 6628312 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 73253000 | 73253000 | 43680305 | 29572695 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 489 | 408274485 | 209 | 141970251 | 245 | 35 | 42.74 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ആകെ ചെലവുകൾ | 3063089 | 5026817 | 8089906 | 4468979 | 3620927 |
| ഭരണ ചെലവുകൾ | | | | 558626 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്-wages | | | | 3833503 | 0 |
| material | | | | 76850 | |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 354120 | 157 |
| കർഷകതൊഴിലാളി പെൻഷൻ | 4982800 | 1621 |
| വിധവാ പെൻഷൻ | 31634400 | 10453 |
| വാർദ്ധക്യകാല പെൻഷൻ | 65422000 | 22031 |
| വികലാംഗപെൻഷൻ | 9457500 | 2957 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1991900 | 650 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.20, 3.15 pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,49,434/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

i)പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ചുമതല അതാത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. പദ്ധതി രൂപീകരണത്തിനു

ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

ii)തൊഴിൽ നികുതി രജിസ്റ്ററുകൾ (ട്രേഡേഴ്സ്, ജീവനക്കാർ) , വാടക രജിസ്റ്റർ എന്നിവ കാലികമാക്കി, ഡിസിബി സംക്ഷിപ്തം സാക്ഷ്യപെടുത്തി സൂക്ഷിക്കുന്നില്ല

iii)ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ സംരക്ഷണ വിപുലീകരണ പ്രവൃത്തികൾ നടത്തിയതിന്റെ വിവരങ്ങളും, ചെലവഴിച്ച തുകകളും രേഖപ്പെടുത്തിയിട്ടില്ല. ആസ്തികളിൽ കുറവ്, തേയ്മാനം എന്നിവ സംഭവിച്ചാലും സമയോചിതമായി രേഖപ്പെടുത്തലുകൾ വേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത്എത്രയും വേഗം കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

iv)അഡ്വാൻസുകൾ അഡ്ജസ്റ്റു ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

v)സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

vi)ചെലവുകൾ നടത്തിയതിന് ശേഷം അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയിൽ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു.

vii)പഴയ കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം നഗരസഭ നാളിതുവരെ യഥാർത്ഥ്യമാക്കിയിട്ടില്ല. മുഖ്യ തനതു വരുമാനമായ വസ്തു നികുതി പൂർണ്ണമായി ഈടാക്കുവാനുള്ള നടപടികൾ നഗരസഭയിൽ കാര്യക്ഷമമല്ല.

viii)ആഭ്യന്തരനിയന്ത്രണസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറൽ | 26.08.2019 | 2017-18,2018-19 | 19.10.19 |

## 1-11 വാർഷികകണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ച് ആധികാരികമാക്കിയിട്ടില്ല.

3. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. താഴെപ്പറയുന്ന ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

a) തൊഴിൽ നികുതി

b) ലീസ് ഓഫ് ലാന്റ്

c) അഡ്വെർടൈസ്മെന്റ് ഫീസ്

d) അദർ ഫീ

e) റോഡ് കട്ടിംഗ് ചാർജ്ജ്

f) ടെണ്ടർ ഫോം വില്പന

g) മറ്റു ഫോമുകളുടെ വില്പന

5. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ACR പ്രകാരം സംരക്ഷണ ഗ്രാന്റ് റോഡിനത്തിലുള്ള ചെലവ് 9948114/- രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ RP-6 പട്ടിക പ്രകാരം ഇത് 9879043/- രൂപയാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നഗരസഭയിലെ സ്ഥിരാസ്തികളുടെ മൂല്യവും ആസ്തിയും ആസ്തി രജിസ്റ്ററിൽ ലഭ്യമല്ല.

7. സെക്രട്ടറിയുടെ സ്റ്റോക്ക് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് പ്രകാരം സ്റ്റോക്ക് നീക്കിയിരിപ്പ് പൂജ്യം ആണ്. പക്ഷെ അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിച്ചിട്ടുള്ള ബിറ്റുമിൻ രജിസ്റ്റർ പ്രകാരം 31.03.19ന് ബിറ്റുമിൻ RS ഇമൽഷൻ SS ഇമൽഷൻ എന്നിവ നീക്കിയിരിപ്പുണ്ട്. തെരുവു

വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സാധന സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്ററിൽ വർഷാരംഭത്തിലുള്ള മുന്നിരിപ്പ്, തൻവർഷം നൽകിയ അഡ്വാൻസ്, മൊത്തം ക്രമികരിച്ച തുക (പണമായി, ക്രമീകരണ ബിൽ ആയി) വർഷാവസാനം ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന മുൻകൂർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

9. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള മിസ്സലേനിയസ്സ് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല എന്ന് കാണുന്നു. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

രജിസ്റ്റർ പ്രകാരം പ്രിന്റ് ഔട്ടിൽ രേഖപ്പെടുത്തിയത് -

മുന്നിരിപ്പ് - 10,84,931

അഡ്വാൻസ് നൽകിയത് - 2,83,890

ആകെ - 13,68,771

ക്രമീകരിച്ചത് - 3,95,000

ബാക്കി - 9,73,771

വാർഷിക കണക്കു പ്രകാരം

മുന്നിരിപ്പ് - 8,60,218

തൻവർഷം നൽകിയ അഡ്വാൻസ് - 6,65,160

(RP-41 പട്ടിക)

തിരികെ ലഭിച്ച തുക – 3,032

ബാക്കി തുക - 8,98,771

10. ഡി ആന്റ് ഒ ഇനത്തിലുള്ള സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുള്ളതിൽ വാർഡ് തലത്തിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ് കളക്ഷൻ ബാലൻസ് ചേർത്തിട്ടില്ല. പക്ഷെ വാർഡ് തലത്തിലുള്ള രജിസ്റ്റർ പരിശോധിച്ചപ്പോൾ അവയിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് ചേർത്തിട്ടില്ല.

11. 1-16 പട്ടികയിലെ പ്രൊവിഷൻസ്, റൈറ്റ് ഓഫ് എന്നിവയുമായി ബന്ധപ്പെട്ട അംഗീകൃത ലെഡ്ജർ വർക്ക് ഷീറ്റുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

12. 1-18 പട്ടികയിലെ prior period item സംബന്ധിച്ച അംഗീകൃത ലെഡ്ജർ വർക്ക് ഷീറ്റുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13. ക്രിമിറ്റോറിയം സംബന്ധിച്ച് ഹാജരാക്കിയ രജിസ്റ്റർ പരിശോധിച്ചു. സംസ്ക്കരിക്കപ്പെടുന്ന ആളുകളുടെ വിവരങ്ങളും അടവാക്കിയ തുകയും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ രജിസ്റ്റർ സാക്ഷ്യപ്പെടുത്തുകയോ സാമ്പത്തിക വർഷം വരവു വന്ന മൊത്തം തുക രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

14(a) ടൗൺ ഹാൾ റെന്റ് ഇനത്തിലുള്ള ഡിമാന്റ് 1-3 പ്രകാരം 11,75,262/- രൂപയാണ്. ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവു വന്ന 13,69,813/- രൂപയിൽ 1,94,551/- രൂപ റീ ഫണ്ട് ചെയ്തത് കഴിച്ച് 11,75,262/- രൂപ ഡിമാന്റ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ റീ ഫണ്ട് തുക കുറവ് ചെയ്ത് 11,75,262/- രൂപ കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ RP-3 പട്ടിക പ്രകാരം കളക്ഷൻ തുക 12,19,137/- രൂപയാണ്. റീ ഫണ്ട് നൽകിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

14(b) ഷോപ്പിംഗ് കോംപ്ലക്സ് കറന്റ് കളക്ഷൻ അരിയർ കളക്ഷൻ എന്നിവയും അരിയർ ബാലൻസ് കറന്റ് ബാലൻസ് എന്നിവയും രജിസ്റ്ററുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. യൂസർച്ചാർജ്ജ് ഡിമാന്റ് കളക്ഷൻ എന്നിവ വാർഷിക കണക്കുകളും രജിസ്റ്ററുമായും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-12 ട്രേഡേഴ്സ് /സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് -കളക്ഷനിൽ കൃത്യതയില്ല,പിരിച്ചെടുക്കുന്നതിൽ വീഴ്ച

മുനിസിപ്പാലിറ്റി ആരോഗ്യ വകുപ്പ് സാംഖ്യ സോഫ്റ്റ് വെയറിലെ യൂട്ടിലിറ്റീസ് ഒപ്ഷനിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡി ആന്റ ഒ അപേക്ഷകൾക്ക് ഡിമാന്റ് നമ്പർ ജനറേറ്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം 2018-19 കാലയളവിൽ ഡിമാന്റ് നമ്പർ നൽകപ്പെട്ട് ലൈസൻസ് ലഭിച്ചവർ 3049 പേരാണ് (അതിൽ 2454 പേർ 2017-18 ൽ അഡ്വാൻസായി തുക അടച്ചവർ). എന്നാൽ നഗരസഭ റവന്യൂ വകുപ്പ് ഈ ലിസ്റ്റ് പരിശോധിച്ച് ഈ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് / സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നത് ഉറപ്പാക്കുന്നില്ല.

1)<u>തൊഴിൽ നികുതി -ട്രേഡേഴ്സ്</u>

a)തൊഴിൽ നികുതി -ട്രേഡേഴ്സ് കറൻറ്-മാനവൽ രസീതു ബുക്ക് പ്രകാരമുള്ള കളക്ഷനുകൾ മുഴുവനായും DCB രജിസ്റ്ററിൽ ചേർത്തിട്ടില്ല.
ഡിസിബി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചെക്ക് വിവരങ്ങൾ പോസ്റ്റ് ചെയ്യുന്നില്ല. ഔട്ട് ഡോർ കളക്ഷൻ ക്ലർക്കുമാരുടെ ഹാൻറ് ബുക്ക് പരിശോധനയിലും അടവാക്കിയ വിവരങ്ങൾ പൂർണ്ണമല്ല. കളക്ഷനിൽ രജിസ്റ്റർ പ്രകാരവും ധനകാര്യ പത്രിക പ്രകാരവും വൈരുദ്ധ്യമുണ്ട്. രജിസ്റ്റർ പ്രകാരം മേത്തല സോണൽ ഏരിയയിൽ നിന്നും 114790 രൂപയും മെയിൻ ഓഫീസ് ഏരിയയിൽ നിന്നും 620260 രൂപയും കൂട്ടി ആകെ 735050 രൂപയാണ് പിരിഞ്ഞു കിട്ടാനായി കാണിച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റ് പ്രകാരം ആകെ 547491 രൂപ മാത്രമാണ് പിരിഞ്ഞുകിട്ടാനുള്ളത്.

b)തൊഴിൽ നികുതി -ട്രേഡേഴ്സ് അരിയർ -ഡിസിബി തയ്യാറാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-15 പ്രകാരം 831,472.52 രൂപ അരിയർ തുക പിരിച്ചെടുക്കാനുണ്ട്. രജിസ്റ്ററിൽ അരിയർ വിവരം രേഖപ്പെടുത്തിയിട്ടില്ല. അരിയർ പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിച്ചിട്ടില്ല. 2014-15 മുതലുള്ള തുക പിരിച്ചെടുക്കാനുള്ളതായി രജിസ്റ്ററിൽ ചില സ്ഥാപനങ്ങളുടെ നേർക്ക് രേഖപ്പെടുത്തിയിരിക്കുന്നു.

c)ബാങ്ക് പോലുള്ള സ്ഥാപനങ്ങളുടെ വിവിധ ബ്രാഞ്ചുകളുടെ സ്ഥാപന നികുതി അടവാക്കിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

d)മേത്തല സോണൽ, കൊടുങ്ങല്ലൂർ മെയിൽ ഓഫീസ് തൊഴിൽ നികുതി ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ 1 മുതൽ 24 വാർഡുകൾ ഉള്ള മെയിൻ ഓഫീസിൽ 2131 ട്രേഡ് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്തതിൽ 753 സ്ഥാപനങ്ങളുടെയും മേത്തല സോണലിൽ 1 മുതൽ 20 വാർഡുകളിൽ 1233 ട്രേഡ് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്തതിൽ 195 ട്രേഡേഴ്സ് സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

മേത്തല, മെയിൻ ഓഫീസ് ട്രേഡേഴ്സിൻറെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിശദാംശം താഴെ കൊടുക്കുന്നു

| മേത്തല സോണൽ ഓഫീസ് | | | മെയിൻ ഓഫീസ് | | |
|---|---|---|---|---|---|
| വാർഡ് | ഡിമാൻറ് ചെയ്തവരുടെ എണ്ണം | ഒന്നോ രണ്ടോ അർദ്ധപാദമായി അടവാക്കാത്തവരുടെ എണ്ണം | വാർഡ് | ഡിമാൻറ് ചെയ്തവരുടെ എണ്ണം | ഒന്നോ രണ്ടോ അർദ്ധപാദമായി അടവാക്കാത്തവരുടെ എണ്ണം |
| I | 40 | 10 | I | 24 | 13 |
| II | 39 | 5 | II | 36 | 18 |
| III | 59 | 12 | III | 54 | 27 |
| IV | 74 | 11 | IV | 43 | 6 |
| V | 273 | 40 | V | 43 | 18 |
| VI | 15 | 0 | VI | 29 | 11 |
| VII | 30 | 0 | VII | 363 | 121 |
| VIII | 25 | 5 | VIII | 165 | 69 |
| IX | 169 | 30 | IX | 41 | 17 |
| X | 24 | 3 | X | 27 | 17 |
| XI | 16 | 8 | XI | 12 | 5 |
| XII | 100 | 16 | XII | 321 | 102 |
| XIII | 16 | 4 | XIII | 429 | 118 |
| XIV | 40 | 6 | XIV | 155 | 48 |
| XV | 34 | 2 | XV | 47 | 21 |
| XVI | 16 | 2 | XVI | 32 | 9 |
| XVII | 32 | 8 | XVII | 17 | 10 |
| XVIII | 69 | 6 | XVIII | 16 | 6 |
| XIX | 39 | 1 | XIX | 51 | 31 |
| XX | 123 | 26 | XX | 96 | 32 |
| -- | - | - | XXI | 45 | 18 |
| -- | - | - | XXII | 23 | 12 |
| -- | - | - | XXIII | 54 | 19 |
| -- | - | - | XXIV | 8 | 5 |
| ആകെ | 1233 | 195 | ആകെ | 2131 | 753 |

44 വാർഡുകളിൽ നിന്നായി ഒന്നോ രണ്ടോ അർദ്ധവർഷത്തിലായി തൊഴിൽ നികുതി ഈടാക്കാത്തത് രജിസ്റ്റർ പ്രകാരം 948 ട്രേഡ് സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയാണ്.

കുടിശ്ശിക കൂടുതലുള്ള വാർഡുകളുടെ വിവരം താഴെ ചേർക്കുന്നു

| മെയിൻ | | മേത്തല | |
|---|---|---|---|

| ഓഫീസ് | | സോണൽ ഓഫീസ് | |
|---|---|---|---|
| വാർഡ് | ബാലൻസ് | വാർഡ് | ബാലൻസ് |
| III | 24290 | V | 21540 |
| VII | 103040 | IX | 23050 |
| VIII | 54470 | XII | ~16060(കൃത്യതയില്ല) |
| XII | 88880 | XX | 12460 |
| XIII | 118750 | | |
| XIV | 49020 | | |
| XVIII | 27780 | | |

ഏകദേശം 3364 ട്രേഡേഴ്സ്/സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിൽ 948 എണ്ണത്തോളം ട്രേഡേഴ്സ്/ സ്ഥാപനതൊഴിൽ നികുതി ആണ് തൻവർഷത്തിൽ പിരിച്ചെടുക്കേണ്ടതിൽ വീഴ്ച വരുത്തിയിരിക്കുന്നത്.

നികുതി കാലഹരണപ്പെടാൻ ഇടവരുത്താതെ സത്വരം പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്

e)തൊഴിൽ നികുതി ഉയർന്ന ക്ലാസ് നിരക്കിൽ ഡിമാന്റ് ചെയ്ത, ട്രേഡേഴ്സ് സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തവരുടെ വിവരംതാഴെ ചേർക്കുന്നു.

1)<u>മേത്തല സോണൽ</u>

| ക്രമ നം | സ്ഥാപന പേര് | തുക | വാർഡ് |
|---|---|---|---|
| 1 | സഹാറ ഗ്രാനൈറ്റ് & ടൈൽസ് | 1250(IInd Half) | V |
| 2 | സെബാസ്റ്റ്യൻ ഗോതുരുത്തി, അല്ലേശു OIL MILL | 2500(Ist &IInd Half) | XIX |
| 3 | ഡയസ് സിമന്റ് വ്യാപാരം | 2500(Ist &IInd Half) | IV |
| 4 | KSEB | 1250(Ist Half) | V |
| 5 | ദേവി ഡ്രൈവിംഗ് സ്കൂൾ | 750(IInd Half) | V |

<u>മെയിൻ ഓഫീസ്</u>

| ക്രമ. നം | സ്ഥാപന പേര് | തുക | വാർഡ് |
|---|---|---|---|
| 1 | Manage, Town Co-operative Bank | 2500(I & II) | II |
| 2 | P A Kabeer, Eram Motors, SN Plaza | 2500(I & II) | III |
| 3 | N Mohamed Shefeek, Furniture, Bed | 2500(I & II) | III |
| 4 | N MohamedKutty.Oryfrils, SK Plaza | 2500(I & II) | III |
| 5 | Rabia Mujeeb, Souhridaya Stores | 1250(IInd half) | III |
| 6 | Branch Manager, Syndicate Bank | 1250(IInd half) | XII |
| 7 | Branch Manager, HDFC Bank | 1250(IInd half) | XII |
| 8 | Branch Manage, KSFE(I, II) | 2500(I & II)<br>2500(I & II) | XII |
| 9 | Branch Manage, Indus Ind Bank | 2500(I & II) | XII |
| 10 | Manage, ICICI Bank, Mamson | 2500(I & | XII |

| | | | |
|---|---|---|---|
| | Blding | II) | |
| 11 | Manager, Muthoot Finance | 1250 | XII |
| 12 | Laleesh Texiles | 2500(I & II) | XII |
| 13 | Manager, United India Insurance office | 2500 | XII |
| 14 | Delhi Basar Textilies | 2500 | XII |
| 15 | T.B Muraleedharan, Thodarath - Toddy shop | 2500 | XVI,V,VII,XIX,XIV |
| 16 | Managing Partner, Craft Hospital | 2500 | VIII |
| 17 | Shameeda Muhammed, Craft Majlese Restorant (IInd Half) | 1250 | VII |
| 18 | Manager, Corporation Bank | 2500 | VIII |
| 19 | M.D, Thriveni consumer store (IInd Half) | 1250 | VIII |
| 20 | New India Assurance | 2500 | VIII |
| 21 | Managing Partner, Musaris Finance | 2500 | VIII |
| 22 | Shaine, Kottekkad, Style Home(IInd Half) | 1250 | VIII |
| 23 | Manage, Axis Bank(IInd Half) | 1250 | VIII |
| 24 | Pushpavathi Asokan, Footwear(IInd Half) | 1250 | VIII |
| 25 | Muhammadali Siddique See shore Hotel (IInd Half) | 1250 | VIII |
| 26 | Saddique Ali Teckay General trade (IInd Half) | 1250 | VIII |
| 27 | New India Insurance (IInd Half) | 1250 | VIII |
| 28 | Sony Service Centre (I & IInd Half) | 2000 | XIV |
| 29 | Antony Cable Vision, Kodungallur (I & IInd Half) | 2500 | XIV |
| 30 | Joshy Kurian Brillance College | 2500 | XIV |
| 31 | SBI Life Insurance | 2500 | XIV |
| 32 | Manage, Isaf small finance Bank | 2500 | XIV |
| 33 | Krishna Motors | 2500 | XIV |
| 34 | Brahmins Catering | 2500 | XIV |
| 35 | Vinod Baby, Lorento Health Club | 2500 | XIV |
| 36 | Shebin Perumbady, Pinnacle Motors | 2500 | XX |
| 37 | Devarajan Lakshmi Readymades | 2500 | XX |
| 38 | MD,Musiris Projects, Musiris International Reasearch Convention Centre | 2500 | XX |
| 39 | Manager Federal Bank | 2500 | XIX |
| 40 | Kodungallur Co-operative Bank | 2500 | XIX |
| 41 | Reliance Retail | 2500 | VII |
| 42 | Manager Canera Bank | 2500 | VII |
| 43 | Reliance Life Insurance(IINd Half) | 1250 | VII |
| 44 | Vanchinad Hotel | 2500 | VII |
| 45 | Kalyan Jewellers(IINd Half) | 1250 | VII |
| 46 | Manager Indus Ind Bank | 2500 | VII |
| 47 | Gokulam Chits & Finance(IInd Half) | 1250 | VII |
| 48 | Sreedevi Hotel(IInd Half) | 1250 | VII |
| 49 | Polakulath Bar(IInd Half) | 1250 | VII |
| 50 | Manager SBI(IInd Half) | 1250 | VII |
| 51 | Ummar P K, Navaratna Hypermarket(IInd Half) | 1250 | VII |
| 52 | Relief Medicals(IInd Half) | 1250 | VII |
| 53 | Reliance JIO Infocom Ltd(IInd Half) | 1250 | VII |
| 54 | Kubera Finance | 2500 | VII |
| 55 | Kayan Ram, VP Traders | 2500 | VII |
| 56 | Ajith Kumar, Krishna Fire Traders | 2500 | VII |
| 57 | BSNL FTTH BoroadBand | 2500 | VII |
| 58 | Sajida, Relief Health & Baby Care(IInd Half) | 1250 | VII |

| | | | |
|---|---|---|---|
| 59 | Manager Indian Overseas Bank(IInd Half) | 1250 | VII |
| 60 | Manager Canara BAnk | 2500 | VII |
| 61 | Manager South Indian Bank | 2500 | VII |
| 62 | Blue chip Corporation Investment(IInd Half) | 1250 | VII |
| 63 | Faisal P A Auditorium(Ist Half) | 1000 | XXII |
| 64 | PP Aydru, Hyson Motors | 2500 | XXI |
| 65 | Dora Microfinance & Dora Trust(IInd Half) | 1250 | |
| 66 | South Indian Bank(IInd Half) | 1250 | VI |
| 67 | Thriveni Hardwares(IInd Half) | 1250 | VI |
| 68 | Shylesh, Malabar Printers(I &II Half) | 2000 | IV |
| 69 | Indian Pharmacy | 2500 | XIII |
| 70 | Unnikutan Trim Graphic Technology | 2500 | XIII |
| 71 | Dr sajith Mithra Collections & Dr Lenses | 2500 | XIII |
| 72 | Ayilliam Stitching Centre | 2500 | XIII |
| 73 | ICL Fincorp Ltd, Kdllr Branch(IInd Half) | 1250 | XIII |
| 74 | Ranjini, Sumangali churidhar | 2500 | XIII |
| 75 | Sreejith, Kottakal Ayurvedam | 2500 | XIII |
| 76 | Manage,Tamilnadu Marcantane Bank, Kavilkadavu | 2500 | XIII |
| 77 | Mother Electrical & Electronics(IInd Half) | 1250 | XIII |
| 78 | MCP Supermarket | 2500 | XIII |
| 79 | Manager Maben Nidhi Ltd(IInd Half) | 1250 | XIII |
| 80 | Arun MA Penta Mobile Showroom | 2500 | XIII |
| 81 | KSEB(IInd Half) | 1250 | XXIII |
| 82 | Mohammed Saleem, Ayyaril Shoe Boot Yard | 2500 | XVII |

## 1-13 പടാകുളം ലേലം, കോട്ടപ്പുറം മാർക്കറ്റ് ലേലം -നഗരസഭയുടെ നഷ്ടം നികത്താൻ-നടപടി സ്വീകരിക്കുന്നില്ല

1)പടാകുളം 2018-2021 വർഷത്തേക്ക് മൽസ്യ ബന്ധം നടത്തുന്നതിനുള്ള കുത്തകാവകാശം ശ്രീ ധനേഷ് മുരുക്കുംതറ എന്നിവർക്ക് 7.5.2018 ലെ R2-15365/17 നം ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. 60000/-രൂപക്ക് ലേലം കൊണ്ട നടപടി 12.4.2018 ല കൗൺസിൽ 6-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചതാണ്. ടിയാൻ രണ്ടു മാസത്തെ ഗഡു അടവാക്കുകയും രണ്ടു മാസത്തെ ഗഡു കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുണ്ട്. 19.12.2018 ലെ R2-15365/17 നോട്ടീസ് പ്രകാരം ടിയാൻ പ്രളയ കിസ്തിളവിനു അർഹനല്ലാത്തതിനാൽ 9/18,11/2018 മാസങ്ങളിലെ കുടിശ്ശിക തുക(13333x2-26666), പിഴപ്പലിശ 12/18വരെയുള്ളതും GSTയും അടക്കം 34298 രൂപ അടവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ടിയാൻ ഇതുവരെ അടവാക്കിയിട്ടില്ല. ടി. തുക 31.3.2019 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

II)ഫയൽ നമ്പർ – R2-17900/16

ശ്രീ.മുഹമ്മദ് ഷെരീഫ് എന്ന വ്യക്തി 2016-17 ൽ 2017-18 സാമ്പത്തിക വർഷത്തിലേക്കായി കോട്ടപ്പുറം മാർക്കറ്റ് 1425000 രൂപയ്ക്ക് ലേലം കൊണ്ട വകയിൽ തുക അടവാക്കുന്നതിന് വണ്ടി ചെക്കുകൾ നൽകി നഗരസഭയെ കബളിപ്പിച്ചതിനും കുടിശ്ശിക അടവാക്കാത്തതിനുമെതിരെ കേസെടുക്കുവാൻ 16.4.2019 ലെ 24(1) തീരുമാനം കൗൺസിൽ എടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും കേസ് സംബന്ധിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല. തുക അടവാക്കുവാൻ ടിയാന് 3.5.2019 ൽ നോട്ടീസ് നൽകിയതായി മാത്രം ഫയലിൽ കാണുന്നു. G-7402/14 ഫയലിൽ ടിയാൻ നഗരസഭക്ക് വരുത്തിയ നഷ്ടത്തിന് സെക്ഷൻ ക്ലർക്കിനും സൂപ്രണ്ട് എന്നിവർക്കും മെമ്മോ നൽകിയിങ്കിലും തുടർനടപടി വിവരങ്ങൾ വ്യക്തമല്ല. കുടിശ്ശിക തുക മാർക്കറ്റ് ഫീസായി 528750 രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. Prior Period ഇനത്തിൽ വരുമാനത്തിൽ ഉൾപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഈ തുക കിട്ടാനുള്ളതായി രേഖപ്പെടുത്തേണ്ടതാണ്. തുക ഈടാക്കാൻ RR നടപടി സ്വീകരിക്കേണ്ടതാണ്.

കരാറിൽ ഉൾപ്പെടുത്തിയിരുന്നിട്ടും കൃത്യ സമയത്ത് ആവശ്യമായ നടപടികൾ നിർദ്ദേശിക്കാതിരുന്നതിനാലാണ് നഗരസഭക്ക് ഈ തുക കുടിശ്ശികയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേലം സംബന്ധിച്ച് വ്യക്തമായ നിയമാവലി തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും നടപടികൾ കൃത്യ സമയത്ത് സ്വീകരിച്ച് നഗരസഭക്കുണ്ടാകുന്ന നഷ്ടങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 1-14 കോട്ടപ്പുറം മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ 2013 മുതൽ കേസിലുള്ള കടമുറികളുടെ വാടക ഡിമാന്റില്ലാതെ കളക്ഷൻ അടവാക്കി

നഗരസഭയുടെ മേത്തല സോണൽ ഓഫീസിന്റെ പരിധിയിലുള്ള കോട്ടപ്പുറം മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ IX/497, IX/500 നമ്പർ മുറികൾ 2011-12 ൽ വാടകയ്ക്ക് എടുത്തിരുന്ന ശ്രീ.എം.ഒ.ജോസഫ്, 24-01-12 ൽ മരണപ്പെട്ടു. ഇതിനെ തുടർന്ന് ടിയാന്റെ മകൻ ശ്രീ.എം.ജെ.തോമസ് 2012-13-ലെ വാടകക്കരാർ ടിയാന്റെ പേരിലേക്ക് മാറ്റിത്തരണമെന്ന് കത്ത് മുഖാന്തരം നഗരസഭയോട് ആവശ്യപ്പെട്ടിരുന്നു. 16-11-12-ലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഓരോ മുറിക്കും 2 ലക്ഷം രൂപ വീതം സെക്യൂരിറ്റി ഡെപ്പോസിറ്റും 1500 രൂപ വീതം വാടകയും നിശ്ചയിച്ച് വാടകക്കരാർ ശ്രീ.എം.ജെ.തോമസിന്റെ പേരിലേക്ക് മാറ്റി നൽകാൻ തീരുമാനിച്ചിരുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15-01-14 ലെ 3-ാം നമ്പർ തീരുമാന പ്രകാരം ടി വിഷയം ശ്രീ.എം.ജെ.തോമസിനെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ടിയാൻ നഗരസഭയുമായി വാടകക്കരാർ വെയ്ക്കുകയോ, നഗരസഭ നിശ്ചയിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റോ, വാടകയോ അടവാക്കുകയോ ചെയ്തതായി വാടക രജിസ്റ്റർ പ്രകാരം കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിൽ അറിഞ്ഞത് ഡെപ്പോസിറ്റും വാടകയും പുതുക്കി നിശ്ചയിച്ചതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ W.P.C/5356/14-ാം നമ്പറായി കേസ് ഫയൽ ചെയ്തു എന്നും മേൽ നമ്പർ കേസ് ബഹു. ഹൈക്കോടതിയിൽ നടന്നുവരുന്നത് കൊണ്ടാണ് കരാർ വയ്ക്കുവാനും വാടക ഈടാക്കാൻ നടപടി എടുക്കുവാനും വൈകുന്നത് എന്നുമാണ്. എന്നാൽ 6.2.2019 ചിട്ട 118010500148 രസീത് പ്രകാരം ടിയാന്റെ പേരിൽ വാടക (കറന്റ്) യിലേക്ക് 26400/- രൂപയും അരിയർ ആയി 120000/- രൂപയും ഡെപ്പോസിറ്റിലേക്ക് 50000/-രൂപയും അടവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ഫയൽ സമർപ്പിക്കാമെന്നു മറുപടി മാത്രമാണ് നൽകിയത്(ഓഡിറ്റ് അന്വേഷണം നമ്പർ 40/29.1.2020). കേസിന്റെ വിധി വിവരം ഓഡിറ്റിനെ അറിയിക്കുകയോ അന്നു മുതലുള്ള വാടക കുടിശ്ശിക കോടതി നിശ്ചയിക്കുന്ന പ്രകാരം ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കുകയോ ചെയ്തിട്ടില്ല. മറുപടി കേസ് ഫയൽ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1. | ശൃംഗപുരം ദേവസ്വം ഓഫീസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 2. | സീനി.വെറ്ററിനറി സർജൻ, പോളിക്ലിനിക് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 3 | ഹോട്ടൽ പാലസ് & പാരഡൈസ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല. |
| 4. | ATO,KSRTC SUB DEPO കൊടുങ്ങല്ലൂർ | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 5. | തിരുവഞ്ചിക്കുളം ദേവസ്വം ഓഫീസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 6. | സെൻ മോട്ടോഴ്സ് ചേരമാൻ ജംഗ്ഷൻ | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 7. | കൊടുങ്ങല്ലൂർ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി.നം 327 | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 8. | വില്ലേജ് ഓഫീസ്, മേത്തല | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 9. | KTC Automobiles Pvt Ltd,TKS Puram | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല. |
| 10. | MCP Hundai, TKS Puram | ഈടാക്കി. | ഈടാക്കിയിട്ടില്ല. |
| 11. | വേദിക് വില്ലേജ് റിസോർട്ട്,വി പി തുരുത്ത് | ഈടാക്കി. | ഈടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 12. | ശ്രീദേവി സമാജം LPS, വി പി തുരുത്ത് | ഈടാക്കി. | ഈടാക്കിയിട്ടില്ല |
| 13. | Tripura Fertilizers & Pesticides Pvt Ltd,TKS Puram | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 14. | Al Ameen School, Kodungallur | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 15. | School Of Medical Technology, Cheraman Nagar | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 16. | Indus Motors,TKSPuram | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 17. | St.Thomas Public School, Elthuruth | ഈടാക്കി. | ഈടാക്കിയിട്ടില്ല. |
| 18. | Indel Suzuki,Thiruvanchikulam | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 19. | Silpi Theatre | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല |
| 20. | Menaka Theatre | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 21 | Asst.Marine Surveyo, Marine Surveying | ഈടാക്കി. | ഈടാക്കിയിട്ടില്ല. |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മേത്തല സോണൽ ഓഫീസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കുകയും, വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

മെയിൻ ഓഫീസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി മാമ്പൽ രസീതുബുക്ക്, ബാങ്ക് ചെക്ക് എന്നിങ്ങനെയായി അടവാക്കുന്നത് തൊഴിൽ നികുതി DCB രജിസ്റ്ററിൽ കൃത്യമായി പോസ്റ്റ് ചെയ്യുന്നില്ല. BSNL മുതലായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ വിവരമില്ല. വാർഡ് തിരിച്ചുള്ള DCB തയ്യാറാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയിട്ടില്ല (എൻക്വയറി നം 41/29.1.2020)

II) തൊഴിൽ നികുതി ഈടാക്കാത്ത കരാറുകാരുടെ വിവരം

താഴെ പറയുന്ന കരാറുകാർക്ക് തൻവർഷം അസി. എഞ്ചിനീയറുടെ കാഷ് ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ എന്നിവ പ്രകാരം കരാർ തുക കൈമാറിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ അടവാക്കിയതായോ കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | എം.എസ് ശിവദാസൻ |
| 2 | വിനു ശിവദാസ് |
| 3 | സച്ചിൻ എം.എസ് |
| 4 | ഹനീഫ കെ.കെ |
| 5 | കെ.പി അങ്കുഷ് |
| 6 | കെ.എസ് സുധീഷ് |
| 7 | കാസിം പി.എ |
| 8 | ഷാൻ സി.വി |
| 9 | റിഷിൻ കെ.എ |
| 10 | കെ.ബി വിശ്വംഭരൻ |
| 11 | സാബിറ്റ് വി.എ |
| 12 | സജീവൻ പി.എ |
| 13 | രഞ്ജിത്ത്.ടി |
| 14 | എൻ.പി സദാനന്ദൻ |
| 15 | സി.കെ രാഹുൽ |
| 16 | വി.പി പ്രസൂൺ |
| 17 | രജീഷ് കെ.ആർ |
| 18 | റിതിൻ ബാബു |
| 19 | രാകേഷ് എം.എസ് |
| 20 | സജ്ജീവൻ പി.എസ് |
| 21 | ശ്രീജിത്ത് കെ.പി |
| 22 | അമ്പിളികുമാർ |
| 23 | അഷർ കെ.എ |
| 24 | കിരൺ എം.ജി |
| | |

| | |
|---|---|
| 25 | സിജിൽകുമാർ ഇ.ജി |
| 26 | വിജയ കൺസ്ട്രക്ഷൻ കോൺട്രാക്ടർ |
| 27 | ശ്യാംകുമാർ |

മേൽ കരാറുകാർ മറ്റു തദ്ദേശ സ്ഥാപനങ്ങളിലും കരാർ പണി ചെയ്യുന്നവരാണ്. ആയതിനാൽ തൊഴിൽ നികുതി മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ തൻവർഷം അടവാക്കിയിട്ടുണ്ടെങ്കിൽ അടവാക്കിയതിന്റെ രസീത് സമർപ്പിക്കേണ്ടതും (റിട്ടേൺ പകർപ്പ് സഹിതം) അല്ലാത്തപക്ഷം നികുതി പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.6/22.01.2020)

## 1-16 ന്യൂനതകൾ ഉള്ളതിനാൽ ഉപയോഗ ക്രമം മാറ്റി നൽകിയില്ല. സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നു

ഫയൽ നമ്പർ-BA-342/18-19.

ശ്രീ ഹാരിസ് കുഴിക്കണ്ടത്തിൽ എന്ന വ്യക്തി (വാർഡ് 9) 280.13 എം2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ ഉപയോഗ ക്രമം വ്യവസായം ആക്കി കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുകയും KMBR ചട്ടം 57(14), (15) എന്നിവ പാലിക്കാത്തതിനാൽ ടിയാൾക്ക് ഒക്യുപൻസി നിരസിക്കുകയും ചെയ്തു. മേൽ വിഷയം ചൂണ്ടിക്കാട്ടി ടിയാൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1.) KMBR ചട്ടം 57(14),(15) എന്നിവ പാലിച്ചിട്ടില്ലെങ്കിലും ടിയാൾക്ക് 4.10.2018 ൽ ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്.

2.)ടിയാളുടെ ഫയലിലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യ പത്രത്തിൽ സ്ഥാപനത്തിന്റെ ഉടമസ്ഥന്റെ വിലാസം ഷിയാദ് .എ.എ, അറക്കപ്പറമ്പിൽ, മാടവന എന്നയാളുടെ പേരിലാണ്.

3.)28.1.2020 ൽ നഗരസഭ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചു വരുന്നതായി കണ്ടു. പ്ലാസ്റ്റിക്ക് പായ നിർമ്മാണ യൂണിറ്റാണ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. (ഓഡിറ്റ് എൻക്വയറി നമ്പർ-37/29.1.2020)

അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറ്റൽ -കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഒക്യുപൻസി നൽകി.

ഫയൽ നമ്പർ-BA-51/18-19.

8/143 എന്ന കെട്ടിടത്തിന്റെ ഉപയോഗ ക്രമം പാർപ്പിട ഗണത്തിൽ നിന്ന് ആശുപത്രിയായി പ്രവർത്തിപ്പിക്കുന്നതിന് ശ്രീ.കൃഷ്ണൻകുട്ടി, മാളക്കാരൻ ഹൗസ്, ലോകമലേശ്വരം, വാർഡ് 4 എന്ന വ്യക്തി അപേക്ഷ സമർപ്പിക്കുകയും 31.7.2018 ൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുകയും തുടർന്ന് വസ്തു നികുതി പുനർ നിർണ്ണയിച്ച് നൽകുകയും ചെയ്തു. BA ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ചട്ടങ്ങൾ പാലിക്കാതെയാണ് ഉപയോഗക്രമം മാററി നൽകിയതെന്ന് കണ്ടു. (ഓഡിറ്റ് എൻക്വയറി നമ്പർ 44/29.1.2020) വിശദാംശം താഴെ ചേർക്കുന്നു.

1.) KMBR ചട്ടം 54(7) പ്രകാരമുള്ള ദ്രവ്യ മാലിന്യ സംസ്കരണ ശാല, 54(8) പ്രകാരമുള്ള മലിനജല ശുദ്ധീകരണ പ്രത്യേക വ്യവസ്ഥ എന്നിവ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

2.) KMBR ചട്ടം 109 (ബി) പ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനത്തിന്റെ കപ്പാസിറ്റി, പൈപ്പ് ലൈൻ കണക്ഷൻ എന്നിവ പ്ലാനിൽ വ്യക്തമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സംവിധാനങ്ങൾ ഒരുക്കുന്നതിന് ഉടമസ്ഥന് അറിയിപ്പ് നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 നിലവിലുള്ള കെട്ടിടവുമായുള്ള അകലം പ്ളാനിൽ രേഖപ്പെടുത്തിയിട്ടില്ല.

ഫയൽ നമ്പർ-BA-497/18-19

കെട്ടിട ഉടമ - കോരത്, നെല്ലിശ്ശേരി, കോട്ടപ്പുറം, വാർഡ് -21

ടിയാന്റെ വാണിജ്യ കെട്ടിടത്തിന്റെ റഗുലറൈസേഷൻ പൂർത്തീകരണ ഫയൽ പരിശോധിച്ചതിൽ പഴയ കെട്ടിടം നിലനിർത്തി പണിത കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചതായി കണ്ടു. കംപ്ളീഷൻ പ്ലാനിൽ പഴയ കെട്ടിടം കാണിച്ചിട്ടില്ല. എന്നാൽ ഓഫീസ് നോട്ടിൽ പഴയ കെട്ടിടം മുഴുവനായും പൊളിച്ചുകളഞ്ഞതായി

രേഖപ്പെടുത്തൽ ഇല്ല. പഴയ കെട്ടിടം പകുതി പൊളിച്ചു നീക്കി എന്നാണ് 26.3.2019 ലെ ഓവർസിയറുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്ലാൻ പരിശോധിച്ചതിൽ Work shop to be demolished എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ പണി തീർത്ത പുതിയ കെട്ടിടവുമായുള്ള അകലം പ്ലാനിൽ ഇല്ല. ആയതിനാൽ KMBR ചട്ടം 33(3),(4) പ്രകാരമുള്ള അകലം പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കെട്ടിടത്തിന് ആവശ്യമായ അകലം ഉണ്ടോ പഴയ കെട്ടിടം മുഴുവനായും പൊളിച്ചു നീക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-4/29.1.2020) മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരങ്ങൾ ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 മാസ്റ്റർ പ്ളാൻ പ്രകാരമുള്ള ദൂര പരിധി പാലിക്കാത്ത കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചു.

BA-562/18-19
നാസർ ടി.എസ്, തോട്ടുങ്ങൽ, എറിയാട്, വാർഡ് 17
കെട്ടിട വിസ്തീർണ്ണം-327.61എം2

മേൽ പ്ലാൻ പരിശോധിച്ചതിൽ എഫ് ഗണത്തിൽ ഉൾപ്പെട്ട (വാണിജ്യം) കെട്ടിടം പണിയുന്നത് കൊടുങ്ങല്ലൂർ-എറണാകുളം റോഡിന്റെ അരികിലാണ്. ടി റോഡിന് നിലവിൽ ഉള്ള മാസ്റ്റർ പ്ലാൻ പ്രകാരം 18 മീറ്റർ വീതിയാണ് വേണ്ടത്. ആയതിനാൽ പ്ലാൻ പുതുക്കി ഹാജരാക്കുന്നതിന് നിർദ്ദേശം നൽകി. ആയത് പ്രകാരം 6.5.2019 ൽ ബിൽഡിങ്ങ് പെർമ്മിറ്റ് അനുവദിച്ചു. ആദ്യം ഹാജരാക്കിയ പ്ലാനിൽ റോഡിന്റെ വീതി 10മീറ്റർ ആണ് കാണിച്ചിരുന്നത്. ആയതു പ്രകാരമാണ് Front Yard സ്ഥലം വിട്ടിരുന്നത്. എന്നാൽ റിവൈസ്ഡ് പ്ലാനിൽ 18 മീറ്റർ റോഡിന്റെ വീതി കാണിക്കേണ്ടതിനു പകരം 11.25 മീറ്റർ മാത്രമാണ് കാണിച്ചിരിക്കുന്നത്. ആയതു പ്രകാരമാണ് ബിൽഡിങ്ങ് പെർമ്മിറ്റ് അനുവദിച്ചത്. 28.1.2020 ൽ മുനിസിപ്പൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ Front Yard ൽ റോഡിന്റെ വീതി 18 മീറ്റർ ആയി കണക്കാക്കി സ്ഥലം ഒഴിവാക്കി വിട്ടിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ മേൽ BA ഫയലിൽ നൽകിയ പെർമ്മിറ്റ് പുന:പരിശോധിക്കേണ്ടതാണ്.

## 1-20 വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല.

നഗരസഭയിലെ വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായും എഴുതി തയ്യാറാക്കിയിട്ടില്ല. 2018-19 ലെ വാർഷികകണക്കു പ്രകാരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 യിൽ രേഖപ്പെടുത്തിയിരിക്കുന്ന കുടിശ്ശിക ആണ്. എന്നാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കുന്നതിന് ബന്ധപ്പെട്ട രജിസ്റ്റർ പൂർണ്ണമായും എഴുതി തയ്യാറാക്കാത്തതിനാൽ സാധിച്ചിട്ടില്ല. കുടിശ്ശിക തുകകൾ കാലാഹരണപ്പെടാതെ ഈടാക്കുന്നതിന് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-21 സൂപ്പർ മാർക്കറ്റ് ആയി ഉപയോഗിക്കുന്ന കെട്ടിടത്തിന് നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

നഗരസഭയിൽ നിന്ന് 2018-19 ൽ ലൈസൻസ് പുതുതായി ഇഷ്യു ചെയ്ത മുസിരിസ് ഗേറ്റ് എന്ന സൂപ്പർ മാർക്കറ്റ് കെട്ടിടത്തിന് (ഷാബി, പോനാക്കുഴി, ആല എന്നവരുടെ ഉടമസ്ഥതയിൽ ഉള്ളത്) നഗരസഭയിൽ നിന്ന് 12/186(1), (2), (3) എന്നിങ്ങനെ നമ്പറുകൾ നൽകിയിട്ടുള്ളതാണ്. 3 നമ്പറുകളിലായി 1എം2 ന് 80രൂ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 200 എം2 ന് മുകളിലുള്ള പ്രസ്തുത കെട്ടിടത്തിന് നഗരസഭ നിശ്ചയിച്ച നികുതി നിരക്ക് പ്രകാരം 1എം2 ന് 120 രൂ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-49/30.1.2020). നഗരസഭ നൽകിയ മറുപടിയിൽ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 നിലവിലുള്ള കെട്ടിടത്തിന് മുകളിൽ അനധികൃത കെട്ടിട നിർമ്മാണം

ഓഡിറ്റ് ടീം 28.1.2020 ന് നടത്തിയ സ്ഥലപരിശോധനയിൽ ടൗൺവാർഡ് (7) സിവിൽ സ്റ്റേഷന് സമീപം വന്ദന ടെക്സ്റ്റയിൽസിനു മുകളിൽ ട്രസ് വർക്ക് ചെയ്ത് ഷട്ടർ ഇട്ട നിലയിൽ 2ാം നിലയിൽ കെട്ടിടം ശ്രദ്ധയിൽപ്പെടുകയും വാർഡ് ക്ലർക്കിനോട് ആയതിന്റെ കെട്ടിട നമ്പർ സംബന്ധിച്ച് അന്വേഷിക്കുകയും ടിയാൻ സ്ഥലത്ത് പോയി അന്വേഷണം നടത്തിയതിൽ പ്രസ്തുത നിർമ്മാണം അനധികൃതമാണെന്ന് അറിയിക്കുകയും ചെയ്തു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 4(2) പ്രകാരം ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർ നിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടി ചേർക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതിന് മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ ജോലിക്കും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമ്മിറ്റ് നേടിയിരിക്കേണ്ടതാണ്. പ്രസ്തുത കെട്ടിടത്തിന് ആകെ 2 സ്ഥാപനത്തിനാണ് നമ്പർ(vii/411k,രാമൻകുട്ടി ,മാളക്കാരൻ &vii/411 i&j വലിയപറമ്പിൽ ഉണ്ണികൃഷ്ണൻ മുതൽപേർ എന്നീ 3 നമ്പറുകളിലായി 2 സ്ഥാപനങ്ങൾ ) നൽകിയതായി അറിയിച്ചത്. എന്നാൽ കെട്ടിടത്തിൽ നിലവിൽ 4 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും കണ്ടു. 2ാം നിലയിൽ മേൽ സൂചിപ്പിച്ച അനധികൃത നിർമ്മാണവും ഉണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നമ്പർ-43/29.1.2020 ) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അനധികൃത നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് അന്വേഷണങ്ങൾ നഗരസഭ കാലാകാലങ്ങളിൽ നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു.

ഫയൽ നമ്പർ-R1-1978/18
കെട്ടിട നമ്പർ-4/490 ബി

ഹരിദാസൻ, നാലുമാക്കൽ എന്ന വ്യക്തിയുടെ ഗോഡൗൺ(ഗ്രണം എച്ച്) ആയി ഉപയോഗിച്ചിരുന്ന 252.76 എം2 കെട്ടിടം ബെഡ് നിർമ്മാണ യൂണിറ്റായി (ഗ്രണം ജി) ഉപയോഗ ക്രമം മാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുകയും 1എം2 ന് 25 രൂപ നിരക്കിൽ വ്യവസായ ഷെഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു നൽകി. എന്നാൽ സ്ഥാപനം "ഷെഡ് "എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതല്ല. കൂടാതെ ചെറുകിട വ്യവസായം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ആധാരമായ രേഖകളും ഫയലിൽ ഇല്ല. ആയതിനാൽ ഇതര വ്യവസായങ്ങൾക്ക് ബാധകമായ 60 രൂപ നിരക്കിൽ നികുതി പുനർ നിശ്ചയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-34/28.1.2020)

എൻക്വയറിക്കുള്ള മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-24 മൊബൈൽ ടവർ -വസ്തുനികുതി കുടിശ്ശിക അപാകങ്ങൾ

എ) വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ഫയൽ നമ്പർ-R1-26085/19

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ പ്രവർത്തന ക്ഷമമമായ 21 ടവറുകൾ ഉള്ളതായും ആയതിൽ 9 എണ്ണത്തിനും കുടിശ്ശിക ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരെണ്ണം അനധികൃതമാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇവയുടെ നികുതി റിവൈസ് ചെയ്തിട്ടില്ല എന്നതും കുടിശ്ശക ഈടാക്കാത്തതും ഈ ഓഫീസിന്റെ 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ നാളിതു വരെ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. കുടിശ്ശികയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വസ്തു നികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | 23/194(1) | 212/- | 14-15മുതൽ |
| 2 | 8/408(14) | 3040/- | 2008-09 ,, |
| 3 | 7/511(E) | 7000/- | 2010-11 |
| 4 | 14/403A | 6010/- | 2011-12 |
| 5 | 12/245A | 197/- | 2017-18 |
| 6 | 9/417A | 810/- | 2011-12 |
| 7 | 20/157A | 324/- | 2011-12 |
| 8 | 19/98A | 324/- | 2009-10 |
| 9 | 18/98 | 1000/- | 2008-09 |

അനധികൃതമായി പ്രവർത്തിക്കുന്ന ടവറിനെതിരെ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം തുടർ നടപടി സ്വീകരിക്കാത്തതിലേക്ക് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ടതായ തുകകൾ അത് ഈടാക്കേണ്ട കാലാവധി കഴിഞ്ഞ് 4 വർഷത്തിനുശേഷം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാവുന്നതല്ല എന്നിരിക്കെ മേൽ കുടിശ്ശികയിൽ വലിയ തുകയും കാലാഹരണം സംഭവിച്ചതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 (2) പ്രകാരം യഥാ സമയം നടപടി കൈക്കൊള്ളുന്നതിലുള്ള വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ തുക (1) ാം ഉപ വകുപ്പ് പ്രകാരം കാലാഹരണപ്പെടുന്ന പക്ഷം അത് ഏത് ഉദ്യോഗസ്ഥന്റെ അഥവാ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് നിയമാനുസരണമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന പക്ഷം ആ ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ മേൽ വിഷയത്തിൽ അടിയന്തിര തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2.പെർമ്മിറ്റ് അനുവദിച്ച ടവർ നിർമ്മാണം പൂർത്തീകരിച്ചോ എന്ന് പരിശോധിക്കണം

മേൽ ഫയൽ പ്രകാരം 2014-15 വരെ വസ്തുനികുതി നിർണ്ണയിച്ച ടവറുകളുടെ വിവരം ആണ് രേഖപ്പെടുത്തിയിരുന്നത്. ഓഡിറ്റ് എൻക്വയറി നമ്പർ-5/22.1.2020 പ്രകാരം 2015-16 മുതൽ 2017-18 വരെ പെർമ്മിറ്റ് അനുവദിച്ച ടവറുകളുടെ വിവരം ആവശ്യപ്പെട്ടതിന് 2016/17 ൽ ഇൻഡസ് ടവറിന് പെർമ്മിറ്റ് നൽകിയിരുന്നതായി അറിയിച്ചിട്ടുണ്ട്. വസ്തുനികുതി മേൽ കാലയളവിൽ നടത്തിയതിന്റെ വിവരം എൻക്വയറി പ്രകാരം ആവശ്യപ്പെട്ടതിന് (നമ്പർ-13/23.1.2020) വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് മറുപടി നൽകി. പെർമ്മിറ്റിന്റെ

കാലാവധി 8.9.2017 ൽ അവസാനിച്ചതാണ് എന്നിരിക്കെ അനധികൃതമായി ടവർ പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക തുകകൾ കാലാഹരണപ്പെടുന്നു. നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല.

നഗരസഭയിലെ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിക്കുകയും കുടിശ്ശിക സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകുകയും (നമ്പർ-24/25.1.2020) ചെയ്തതിൽ അനധികൃത കെട്ടിടങ്ങൾക്ക് വൻ തുക വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉള്ളതായും അവ കാലാഹരണപ്പെടാതെ (കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539) പിരിച്ചെടുക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിക്കുന്നതായും കണ്ടു. അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാതെ വർഷങ്ങളോളം തുടരുന്നതായും കണ്ടു. വിശദാംശം താഴെ ചേർക്കുന്നു. ( മേത്തല സോണൽ ഓഫീസ് പരിധിയിലെ കെട്ടിടങ്ങളുടെ വിശദാംശം ഹാജരാക്കിയില്ല)

| ക്രമ നം. | കെട്ടിട നമ്പർ | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|
| 1 | UA/2/295G | 268596/- | 2015-16 2-ാം അർദ്ധവർഷം മുതൽ |
| 2 | UA/2/295 H | 411960 | do |
| 3 | UA/2/309A | 2424837 | കേസ് 1.10.2010 മുതൽ |
| 4 | UA/2/309B | 897978 | കേസ് 1.10.2010 മുതൽ |
| 5 | UA/2/285-1A | 516828 | 2013-14 രണ്ടാം അർദ്ധ വർഷം മുതൽ |
| 6 | UA/vi/300/4 | 143730 | 2010-11 മുതൽ |
| 7 | UA/vi/300/5 | 105900 | ,, |
| 8 | UA/vi/300/6 | 90830 | ,, |
| 9 | UA/vi/300/7 | 57713 | ,, |
| 10 | UA/viii/77/6 | 2629860 | കേസ് |
| 11 | UA/viii/327/E | 394403 | 2012-13 രണ്ടാം അർദ്ധ വർഷം മുതൽ |
| 12 | UA/vii/6E | 2981664 | കേസ് 2016-17 മുതൽ |
| 13 | UA/vii/6/3 | 248832 | 2016-17 മുതൽ |
| 14 | UA/89D | 253825 | കേസ് 2014-15 മുതൽ |
| 15 | UA/110E(1) | 165528 | 2014-15 മുതൽ |
| 16 | UA/1B1 | 97440 | 2016-17 മുതൽ |
| 17 | UA/82(4) | 875765 | കേസ് 2014-15 രണ്ടാം അർദ്ധ വർഷം മുതൽ |
| 18 | UA/923/1 | 500511 | 2014-15 രണ്ടാം അർദ്ധ വർഷം മുതൽ |
| 19 | UA/xiv/372 | 1557953 | 2010-11 മുതൽ |
| 20 | UA/xiv/116A | 650034 | 2014-15 മുതൽ |
| 21 | UA/ixv/306 | 849024 | 2016-17 മുതൽ |
| 22 | UA/xvi/226(1) | 670860 | 2012-13 രണ്ടാം അർദ്ധ വർഷം മുതൽ |
| 23 | UA/vii/405(1)-(26) | 252852 | 2015-16 രണ്ടാം അർദ്ധ വർഷം |

| | | | |
|---|---|---|---|
| | | | മുതൽ |

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 (2) പ്രകാരം യഥാ സമയം നടപടി കൈക്കൊള്ളുന്നതിലുള്ള വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ തുക (1) ാം ഉപ വകുപ്പ് പ്രകാരം കാലാഹരണപ്പെടുന്ന പക്ഷം അത് ഏത് ഉദ്യോഗസ്ഥന്റെ അഥവാ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് നിയമാനുസരണമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന പക്ഷം ആ ഉദ്യോഗസ്ഥരിൽ നിന്ന് 12 ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ മേൽ കുടിശ്ശിക വിഷയത്തിൽ നിയമാനുസരണ നടപടികൾ കാലതാമസം കൂടാതെ എടുക്കേണ്ടതാണ്.

## 1-26 സെൻട്രോ മാൾ വസ്തു നികുതി കുടിശ്ശിക-44,33,438/-രൂ

ഫയൽ നമ്പർ-ആർ1-14487/17

2015-16 മുതൽ നികുതി നിശ്ചയിച്ച സെൻട്രോമാൾ ഷോപ്പിങ്ങ് കോംപ്ളക്സിൽ 37 മുറികളാണ് ഉള്ളത്. വിവിധ തീയതികളിൽ നോട്ടീസ് നൽകിയിട്ടും 6B3, 6C10 എന്നീ നമ്പറുകളുടെ നികുതി മാത്രമേ സ്ഥാപനം അടവാക്കിയിട്ടുള്ളൂ. RR നടത്തുന്നതിന് 24.3.2018 ൽ തീരുമാനമെടുത്തെങ്കിലും പിന്നീട് റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയാണ് ഉണ്ടായത്. 26.3.2018 ൽ ചെയർമാന്റെ നിർദ്ദേശ പ്രകാരം ( ടിയാൻ കുടിശ്ശികത്തുക അടവാക്കുന്നതിന് സമയം ആവശ്യപ്പെട്ട് അഭ്യർത്ഥിച്ചതിനാൽ) RR നടപടികൾ നിറുത്തിവച്ചു. എന്നാൽ പിന്നീട് ടിയാൻ നികുതി കുടിശ്ശിക അടക്കാത്ത സാഹചര്യത്തിൽ 27.4.2018 ൽ RI യുടെ പേരിൽ വാറന്റ് ഇഷ്യു ചെയ്ത് നൽകിയെങ്കിലും തുക ഈടാക്കുന്നതിന് മതിയായ സാധന സാമഗ്രികൾ സ്ഥാപനത്തിൽ ഇല്ലാത്തതതിനാൽ നടപടി എടുക്കുവാൻ സാധിച്ചില്ല എന്ന് RI റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12.6.2018 ൽ അടിയന്തിരമായി RR നടപടി സ്വീകരിക്കുവാൻ സെക്രട്ടറി ഉത്തരവാകുകയും നടപടിക്കെതിരെ കെട്ടിട ഉടമ WP(C) 31274 കേസ് ഫയൽ ചെയ്യുകയും ചെയ്തു. 27.3.2019 ൽ വന്ന വിധിയിൽ കുടിശ്ശിക സംബന്ധിച്ച് തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കുവാൻ നിർദ്ദേശിച്ചുവെങ്കിലും നാളിതുവരെ തീരുമാനം ലഭ്യമായിട്ടില്ല. 22.8.2019 ൽ RR നടപടി സ്വീകരിക്കുന്നതിനായി (44,33438/-രൂ) തഹസിൽദാർക്ക് കത്തയച്ചിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 2015-16 ൽ നികുതി നിർണ്ണയിച്ച ശേഷം നികുതി കുടിശ്ശിക വരുത്തിയതിന് RR നടപടി ക്ക് തീരുമാനം എടുത്തത് 24.3.2018 ൽ മാത്രമാണ്.

2.) 27.3.2019 ൽ നികുതി കുടിശ്ശിക ഈടാക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിനുള്ള ഉത്തരവിന്മേൽ അപ്പീൽ നൽകുന്നതിനുള്ള സാധ്യത സ്റ്റാൻഡിങ്ങ് കൗൺസിലിനോട് ആരാഞ്ഞിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ കൃത്യമായി സ്വീകരിക്കാത്തതിനാലാണ് ഇപ്രകാരം കുടിശ്ശിക വർദ്ധിക്കാൻ ഇടയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കുടിശ്ശിക ഈടാക്കുന്നതിന് നിയമാനുസരണ നടപടികൾ കാലതാമസം കൂടാതെ എടുക്കേണ്ടതാണ്.

## 1-27 കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാരുടെ ആകെ വേതനത്തിന്റെ 15 % തുക എല്ലാ മാസവും നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കി വരുന്നുണ്ട്. പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി രൂപീകരിച്ച കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ ഇതിനായി നഗരസഭ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക തിരിച്ചടവാക്കുകയുണ്ടെങ്കിലും ഈയിനത്തിൽ ഭീമമായ തുക നഗരസഭയ്ക്ക് ലഭ്യമാകാനുണ്ട്. 2018-19 സാമ്പത്തിക വർഷം വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ളതും നഗരസഭ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കാനുള്ളതുമായ തുകകളുടെ വിവരം നഗരസഭയിൽ നിന്ന് ലഭ്യമാക്കിയത് താഴെ ചേർക്കുന്നു.

| ക്രമ നം. | തനത് ഫണ്ടിൽ നിന്നും നൽകിയപ്രതിമാസ പെൻഷൻ തുകയും ക്ഷാമാശ്വാസ കുടിശ്ശികയും | തനതു ഫണ്ടിൽ നിന്നും നൽകിയ ഡി.സി.ആർ .ജി / കമ്മ്യൂട്ടേഷൻ തുക | നഗരസഭ അടക്കേണ്ടിയിരുന്ന പ്രതിമാസ പെൻഷൻ വിഹിതം | നഗരസഭ അടച്ച പ്രതിമാസ പെൻഷൻ വിഹിതം | നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന അലോട്ട്മെന്റ് തുക | നഗരസഭയ്ക്ക് ലഭിച്ച അലോട്ട്മെന്റ് തുക | സഗരസഭക്ക് ലഭിക്കാനുള്ള ബാലൻസ് തുക |
|---|---|---|---|---|---|---|---|
| 2006-07 | 1076699 | 924432 | 534130 | 534130 | 2001131 | 0 | 2001131 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2007-08 | 1441662 | 0 | 632429 | 632429 | 1441662 | 1080564 | 361098 |
| 2008-09 | 1825406 | 0 | 605327 | 263313 | 1483392 | 1000000 | 483392 |
| 2009-10 | 1857101 | 0 | 986783 | 0 | 870318 | 1000000 | -129682 |
| 2010-11 | 2197317 | 0 | 1130458 | 0 | 1066859 | 0 | 1066859 |
| 2011-12 | 2817636 | 396301 | 1609383 | 0 | 1604554 | 331448 | 1273106 |
| 2012-13 | 3370053 | 100000 | 1913779 | 0 | 1556274 | 0 | 1556274 |
| 2013-14 | 4629980 | 402128 | 1871560 | 1702343 | 4862891 | 1500000 | 3362891 |
| 2014-15 | 4205067 | 0 | 2501115 | 2501115 | 4205067 | 0 | 4205067 |
| 2015-16 | 4460541 | 0 | 2627094 | 2627094 | 4460541 | 0 | 4460541 |
| 2016-17 | 5391714 | 3262842 | 2892247 | 2892247 | 8654556 | 0 | 8654556 |
| 2017-18 | 5511960 | 1712109 | 2322185 | 2322185 | 7224069 | 0 | 7224069 |
| 2018-19 | 5907276 | 3631033 | 2487658 | 2487568 | 9538309 | 6126710 | 3411599 |
| ആകെ | | | | | | | 3793090 |

ബാലൻസ് ഷീറ്റ് പ്രകാരമുള്ള വിവരങ്ങൾ ചേർക്കുന്നു

| നഗരസഭയ്ക്ക് ലഭിക്കേണ്ട തുക (തൻവർഷം) | ശീർഷകം |
|---|---|
| ഷെഡ്യൂൾB5-11836621 | 431409901 |
| കുടിശ്ശിക-29139971 | 431409902 |
| ആകെ-4097592 | |
| കുറയ്ക്കുക -പെൻഷൻ കോൺട്രിബ്യൂഷൻ -5971760 | 350110600 |
| | 35004852 |

ഫയൽ പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക 37930901/- രൂപയും വാർഷികകണക്ക് പ്രകാരമുള്ള തുക 35004852/- രൂപയുമാണ്.

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തുകയാണ് തനതുഫണ്ടിൽ നിന്നും ഇതിനായി ചെലവഴിച്ചു വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി 22/24.1.2020 ന് മറുപടി നൽകിയിരിക്കുന്നത് 27.11.19 ന് നഗരകാര്യ ഡയറക്ടർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും നാളിതുവരെ തുക അനുവദിച്ചിട്ടില്ലെന്നുമാണ്.

തുക ലഭ്യമാകുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 മുൻകൂറുകൾ സമയപരിധിക്കകം അഡ്ജസ്റ്റ് ചെയ്യുന്നില്ല.

ജി.ഒ(പി)419/2011/ധനം തീയതി 4.10.11 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി അനുച്ഛേദം 99പ്രകാരമുള്ളത്) എന്നിവ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസു തുകയും അടിയന്തിരമായി തിരിച്ചു പിടിക്കണമെന്നും ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരകെ 18% നിരക്കിൽ പലിശ ഈടാക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്

നഗരസഭയിൽ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന മുൻകൂറുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 1983-84 കാലയളവിൽ നല്കിയ മുൻകൂർ ഉൾപ്പെടെ വലിയ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1983-84 മുതൽ 2011-12വരെ ഉള്ള തുകകളുടെ വിവരം

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 1983-84 | 200 |
| 2 | 1985-86 | 2025 |
| 3 | 1986-87 | 1645 |
| 4 | 1987-88 | 475 |
| 5 | 1988-89 | 20800 |
| 6 | 1989-90 | 11925 |
| 7 | 1990-91 | 15235 |
| 8 | 1991-92 | 10250 |
| 9 | 1992-93 | 2100 |
| | | |

| | | |
|---|---|---|
| 10 | 1993-94 | 3350 |
| 11 | 1994-95 | 47790 |
| 12 | 1995-96 | 27625 |
| 13 | 1996-97 | 72950 |
| 14 | 1997-98 | 32446 |
| 15 | 1998-99 | 80200 |
| 16 | 1999-00 | 45100 |
| 17 | 2000-01 | 279000 |
| 18 | 2001-02,<br>2002-03 | 64700 |
| 19 | 2003-04 | 79123 |
| 20 | 2004-05 | 30300 |
| 21 | 2005-06 | 9500 |
| 22 | 2006-07 | 36200 |
| 23 | 2007-08 | 77500 |
| 24 | 2008-09 | 36750 |
| 25 | 2009-10 | 107000 |
| 26 | 2010-11 | 45250 |
| 27 | 2011-12 | 22000 |

1/2014 മുതൽ ഉള്ള തുകകളുടെ വിവരം

| വൗച്ചർ നമ്പർ/തീയതി | തുക കൈപ്പറ്റിയ വ്യക്തിയുടെ പേര് | തുക |
|---|---|---|
| 38/4.1.14 | സവിത റ്റി.വി, അസിസ്റ്റന്റ് എഞ്ചിനീയർ | 60000 |
| 84/18.2.14 | റിയാസ് പി.എ, PWO III | 5000 |
| 85/19.2.14 | റിയാസ് പി.എ, PWO III | 6200 |
| 66/12.2.16 | അനിൽകുമാർ സി.വി, JHI II | 5000 |
| 40/5.10.16 | അനിൽകുമാർ സി.വി, JHI II | 50000 |
| ലഭ്യമല്ല/7.10.16 | റിയാസ് പി.എ, PWO III | 12000 |
| 103/17.9.16 | ശരത്ത് ചന്ദ്രൻ, സീനിയർക്ലാർക്ക് | 20000 |
| 107/21.2.17 | റിയാസ് പി.എ, PWO III | 6500 |
| 60 to 71/12.4.17 | റിയാസ് പി.എ, PWO III | 7057 |
| 140/23.10.17 | ടി.വി.രാജീവ്, JHI- II | 50000 |
| 147/221.12.17 | രാജീവൻ, JHI | 60000 |
| 96/16.2.18 | റിയാസ് പി.എ, PWO III | 15000 |
| 23/4.5.18 | വിചിത്ര, PWO-II | 35000 |
| 9/1.8.18 | വിചിത്ര, PWO-II | 5000 |
| 137/30.8.18 | ടി.വി.രാജീവ്, JHI- II | 15000 |
| 30/7.1.19 | വിചിത്ര, PWO-II | 4340 |
| 6/1.2.19 | ജിമ്മി വർഗ്ഗീസ്, PWO-III | 20000 |
| 9/1.3.19 | പി.എം ഇസ്മായിൽ, റവന്യൂ ഇൻസ്പെക്ടർ | 25000 |
| 13/2.4.19 | ധന്യാ എം.ബി, PWO-II | 1000 |
| 118/30.4.19 | വിചിത്ര, PWO-II | 36600 |
| 136/29.5.19 | ധന്യാ എം.ബി, PWO-II | 38000 |
| 62/13.6.19 | സരിഗ M.B, പബ്ലീക്ക് വർക്ക്സ് ഓവർസിയർ gr.I | 15820 |
| 95/24.6.19 | ഇസ്മായിൽ പി.എസ്, റവന്യൂ ഇൻസ്പെക്ടർ | 10000 |
| 52/16.8.19 | വിചിത്ര, PWO-II | 2500 |
| 53/16.8.19 | സന്ധ്യാ. ടി.ബി, PWO-III | 1500 |
| 62/9.10.19 | ധന്യാ എം.ബി, PWO-II | 10000 |
| 40/7.11.19 | രാജീവൻ, JHI | 50000 |

അഡ്വാൻസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ലോഗ് ബുക്ക് മാസാന്ത്യസംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല

| വാഹനനമ്പർ | ഇനം | കസ്റ്റോഡിയൻ |
|---|---|---|
| KL-8Y-9070 | മാർഷൽ | എഞ്ചിനീയറിംഗ് വിഭാഗം( ഓഫീസ് |

| | | |
|---|---|---|
| | | ഉപയോഗം) |
| KL-47F 6603 | ബൊലേറോ ജീപ്പ് | എഞ്ചിനീയറിംഗ് വിഭാഗം (ഓഫീസ് ഉപയോഗം) |
| KL-47F 6608 | ബൊലേറോ ജീപ്പ് | എഞ്ചിനീയറിംഗ് വിഭാഗം(സെക്രട്ടറിയുടെ ആവശ്യത്തിന് |
| KL-47D-6070 | ടൊയോട്ടാ എത്തിയോസ് | എഞ്ചിനീയറിംഗ് വിഭാഗം(ചെയർമാന്റെ ആവശ്യത്തിന് |

നഗരസഭയിലെ മേൽപ്പറയുന്ന വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കുകളിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു. ജി.ഒ(എം.എസ്)170/07 ത.സ്വ.ഭ.വ തീയതി 30.6.2007 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖയും 2000ലെ കേരളാ മുനിസിപ്പാലിറ്റി വാഹനങ്ങളുടെ പരിപാലന ചട്ടങ്ങൾ പ്രകാരം വാഹനങ്ങളുടെ ലോഗ്ബുക്ക് കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-30 തനതു ഫണ്ട് വൗച്ചർ പരിശോധന-രേഖകൾ ഹാജരാക്കിയിട്ടില്ല-227605 രൂപ തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ കൈപ്പറ്റു രസീതി, വിനിയോഗ സാക്ഷ്യപത്രം, കെ.എസ്.ഇ.ബി.യുമായി ഏർപ്പെട്ട കരാർ എന്നിവ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 9/23.1.2020)

| ക്രമ നം. | വൗച്ചർ നമ്പർ | തുക | തുക നൽകിയത് /നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 21800041/2.5.28 | 6690 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ -1ന് നൽകിയത് |
| 2 | 21800180/ 9.8.18 | 50300 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ -1ന് നൽകിയത് |
| 3 | 21800948/30.11.18 | 7115 | വാർഡ് -5ലെ പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി കൊടുങ്ങല്ലൂരിന് നൽകിയത് |
| 4 | 2190008/10.12.18 | 54500 | വാർഡ് -15ലെ പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി കൊടുങ്ങല്ലൂരിന് നൽകിയത് |
| 5 | 21801445/29.12.18 | 5050 | വാർഡ് -15ലെ പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക് സെക്ഷൻ 1ന് നൽകിയത് |
| 6 | 21801446/29.12.18 | 12506 | വാർഡ് -34ലെ പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക് സെക്ഷൻ 1ന് നൽകിയത് |
| 7 | 21801563/16.1.19 | 12000 | കാവിൽകടവ് ഫ്ലാറ്റിന്റെ ഇലക്ട്രിഫിക്കേഷന് PWD ഇലക്ട്രിക് സെക്ഷന് നൽകിയത് |
| 8 | 21801584/17.1.19 | 21209 | വാർഡ് -41ലെ പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക് സെക്ഷൻ 1ന് നൽകിയത് |

| | | | |
|---|---|---|---|
| 9 | 21801909/16.3.19 | 57244 | വാർഡ് -5ലെ പോസ്റ്റ് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക് സെക്ഷൻ 2ന് നൽകിയത് |
| ആകെ | | 227605 | |